**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1392** **07-10-2021 - ൽ മറുപടിയ്ക്ക്**

**തൊഴിൽ വകുപ്പിന്റെ ക്ഷേമപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിൽ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വിവിധ ക്ഷേമപദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ; ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) | എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

തൊഴിൽ വകുപ്പ് മുഖാന്തരം തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | പദ്ധതി വിവരണം |
|---|---|---|
| 1) | പരമ്പരാഗത മേഖലയിലെ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് വരുമാനം ഉറപ്പാക്കൽ പദ്ധതി- ഇൻകം സപ്പോർട്ട് സ്കീം | സംസ്ഥാനത്തെ മുള, ചൂരൽ, ബീഡി, ഖാദി, മത്സ്യ ബന്ധനവും സംസ്കരണവും, കശുവണ്ടി, ആർട്ടിസാൻസ്, കയർ, കൈത്തറി തുടങ്ങിയ പരമ്പരാഗത മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് 1,250/- രൂപ നിരക്കിൽ ധനസഹായം നൽകുന്നതാണ് ഈ പദ്ധതി. |
| 2) | അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സംരക്ഷണം - പദ്ധതി | അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി മൂന്ന് വ്യത്യസ്ത കർമ്മ പദ്ധതികൾ ഏകോപിപ്പിച്ച് അസംഘടിതമേഖല തൊഴിലാളികൾക്കുള്ള സാമൂഹ്യ സംരക്ഷണം എന്ന ഒറ്റ പദ്ധതിയാക്കിയിരിക്കുന്നു.<br>(എ) അസംഘടിത ദിവസവേതന തൊഴിലാളികൾക്കുള്ള ആശ്വാസ പദ്ധതി<br>(ബി) മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി<br>(സി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യങ്ങൾ |
| 3) | ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കായുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി (ആവാസ്) | ആവാസ് കാർഡുള്ള ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് എംപാനൽ ചെയ്ത സർക്കാർ ആശുപത്രികളിൽ 25,000/- രൂപ യുടെ ഇൻ-പേഷ്യന്റ് ചികിത്സ, 1 ലക്ഷം രൂപ വരെയുള്ള അംഗവൈകല്യ ഇൻഷുറൻസ് 2,00,000/- രൂപയുടെ അപകട മരണ ഇൻഷുറൻസ് എന്നിവ നൽകി വരുന്നു. |
| 4) | അസംഘടിതരായ പാവപ്പെട്ട നഗര തൊഴിലാളികൾക്കുള്ള ചെലവ് കുറഞ്ഞ ഭവന പദ്ധതി (ജനനി) തോട്ടം തൊഴിലാളി ഭവന പദ്ധതി നിർമ്മാണവും (ഭവനം) | തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് ഭവന സൗകര്യം ഭവനം പദ്ധതിയിലൂടെ നടപ്പിലാക്കുന്നു.<br>അസംഘടിത മേഖലയിലെ കുറഞ്ഞ വരുമാനക്കാരായ തൊഴിലാളികൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി ഫ്ളാറ്റുകൾ നിർമ്മിച്ച് ജനനി പദ്ധതിയിലൂടെ നൽകിവരുന്നു. |
| 5) | അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കും | തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ കുടിയേറ്റ തൊഴിലാളികൾക്കായി ചെലവ് കുറഞ്ഞ |

| | | |
|---|---|---|
| | സംസ്ഥാനത്തെ തൊഴിലാളികൾക്കും നല്ല താമസ സൗകര്യം പ്രധാനം ചെയ്യൽ (അപ്നാഘർ) പദ്ധതി | താമസസൗകര്യം ഏർപ്പെടുത്തുന്ന പദ്ധതിയാണിത്. |
| 6) | കേരളത്തിലെ വ്യാപാര സ്ഥാപനങ്ങളുടെ ഗ്രേഡിംഗ് പദ്ധതി | ഗ്രേഡിംഗ് : തൊഴിൽ നിയമം അനുശാസിക്കുന്ന ക്ഷേമപരിപാടികൾ, മിനിമം വേതന മാനദണ്ഡങ്ങൾ നടപ്പിലാക്കുക, സ്ത്രീ സൗഹൃദ സൗകര്യങ്ങൾ, ശുചിത്വം, ഗുണഭോക്താക്കൾക്ക് ഗുണമേന്മ ഉറപ്പുവരുത്തൽ മുതലായ പ്രത്യേക മാനദണ്ഡങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി മാതൃകാ സ്ഥാപനങ്ങളായി പ്രഖ്യാപിക്കുകയും അംഗീകാരം നൽകുകയുമാണ് ഗ്രേഡിംഗ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.<br>തൊഴിലാളി ശ്രേഷ്ഠ അവാർഡ്:<br>കേരളത്തിൽ വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന മികച്ച തൊഴിലാളികളെ കണ്ടെത്തി അംഗീകാരം നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. |
| 7) | നഗര പ്രദേശങ്ങളിലെ സ്ത്രീ തൊഴിലാളികൾക്ക് സ്റ്റഡിയോ അപ്പാർട്ട്മെന്റ് പദ്ധതി | കേരളത്തിൽ നഗരപ്രദേശങ്ങളിൽ. ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് വാടകയ്ക്ക് നല്ല നിലവാരത്തിലുള്ളതും മാന്യവും സുരക്ഷിതവുമായ താമസൗകര്യം ഒരു സ്റ്റഡിയോ അപ്പാർട്ട്മെന്റിന്റെ രൂപത്തിൽ നൽകുന്നതിനായി ഈ പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. |
| 8) | ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ബോധവത്കരണ പരിപാടികൾ പദ്ധതി | ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അവരുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുമായി വിവിധ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പ്, സമ്പർക്ക ക്ലാസ്സുകൾ, പരസ്യപ്രചരണങ്ങൾ, ഹ്രസ്വചിത്രങ്ങളുടെ പ്രദർശനം എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോധവത്ക്കരണ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |
| 9) | അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷ പദ്ധതി | അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിനായി സംസ്ഥാന ബോർഡ് രൂപീകരിച്ചിട്ടുണ്ട്. കൂടുതൽ തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുന്നതിനും ഉപഭോക്തൃ വിന്യാസം യുക്തിസഹമാക്കുന്നതിനും നിലവിലുള്ള ചില ക്ഷേമ പദ്ധതികളും സംസ്ഥാന |

| | | |
|---|---|---|
| | | പദ്ധതികളും ഏകോപിപ്പിക്കുന്നതിനുമാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. |
| 10) | എസ്റ്റേറ്റ് തൊഴിലാളി ദുരിതാശ്വാസ ധനസഹായ പദ്ധതി | മരണമടയുന്ന എസ്റ്റേറ്റ് തൊഴിലാളികളുടെ നിയമാനുസൃതമുള്ള അനന്തരവകാശിക്ക് ഒറ്റത്തവണ സാമ്പത്തിക സഹായമായി 1,00,000/- രൂപ നൽകുന്ന പദ്ധതിയാണിത്. |
| 11) | ലേബർ കമ്മീഷണറേറ്റിന്റെ ആധുനികവത്ക്കരണം, ഇ-പേയ്മെന്റ് സംവിധാനം പദ്ധതി | • മിനിമം വേതനം നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ള മേഖലകളിൽ മിനിമം വേതനം ഉറപ്പാക്കുന്നതിനായി തൊഴിൽ വകുപ്പിൽ വേതന സുരക്ഷാ പദ്ധതി(WPS)സോഫ്റ്റ് വെയറിലൂടെ നടപ്പിലാക്കുന്ന സംവിധാനമാണ് ഇ-പേയ്മെന്റ്.<br>• അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം തൊഴിൽ വകുപ്പിന് കീഴിൽ വരുന്ന 16 ക്ഷേമനിധി ബോർഡുകളേയും ഡിജിറ്റലൈസ് ചെയ്യുന്നതിനും ഒന്നിലധികം ബോർഡുകളിൽ മെമ്പർഷിപ്പ് എടുക്കുന്നത് ഒഴിവാക്കുന്നതിനും അംശദായം ഓൺലൈനായി ഒടുക്കുന്നതിനും വേണ്ടി നടപ്പിലാക്കിയിട്ടുള്ള സോഫ്റ്റ് വെയറിന്റെ വിപുലീകരണ-പ്രാരംഭ നടപടികൾ നടന്നു വരുന്നു. |
| 12) | ഒഡെപെക് ശക്തിപ്പെടുത്തൽ പദ്ധതി | അഭ്യസ്തവിദ്യരായ യുവാക്കൾക്ക് വിദേശത്ത് മികച്ച തൊഴിലവസരം നൽകുവാൻ ഓവർസീസ് ഡെവലപ്പ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് (ODEPC) പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യുന്നതിന് ഒഡെപെകിനെ പ്രാപ്തമാക്കുന്നതിനും ഇന്ത്യയുടെ മാനവവിഭവശേഷി വിദേശതൊഴിൽ ദാതാക്കളെ ബോദ്ധ്യപ്പെടുത്തുന്നതിനുമായി പ്രദർശനവും കൂടിക്കാഴ്ചകളും ഈ പദ്ധതിയിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |
| 13) | ആലയ (Guest Workers Friendly residence in Kerala) | ഇതര സംസ്ഥാന തൊഴിലാളികൾക്ക് മെച്ചപ്പെട്ട വാടക താമസ സൗകര്യം പ്രദാനം ചെയ്യുന്നു. |
| 14) | പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി | കേരളത്തിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ സമാശ്വാസത്തിനായി |

| | | |
|---|---|---|
| | | സംസ്ഥാനത്ത് തിരുവനന്തപുരം, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിൽ അതാത് ജില്ലാ കളക്ടർമാർ ചെയർമാൻമാരായി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. അതിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ലേബർ ഓഫീസർ കൺവീനറുമാണ് |
| 15) | എക്സ്ഗ്രേഷ്യ | ഒരു വർഷത്തിലധികമായി പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ, കയർ സൊസൈറ്റികൾ, തോട്ടം മേഖലകൾ എന്നിവിടങ്ങളിലെ തൊഴിലാളികൾക്ക് എല്ലാ വർഷവും ഓണക്കാലത്ത് എക്സ്ഗ്രേഷ്യ നൽകി വരുന്നു. |
| 16) | കേരള മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി | കേരളത്തിൽ മരംകയറ്റ തൊഴിലിൽ ഏർപ്പെട്ടിരിക്കെ തൊഴിലാളിക്ക് അപകടം സംഭവിക്കുകയോ, തൊഴിലാളി മരണപ്പെടുകയോ ചെയ്യുന്ന അവസരത്തിൽ ഈ പദ്ധതി പ്രകാരം ധനസഹായം ഉറപ്പ് വരുത്തുന്നു. അപകടം സംഭവിക്കുന്ന തൊഴിലാളിയ്ക്ക് 50,000/- രൂപയും മരണപ്പെട്ട തൊഴിലാളിയുടെ നിയമപ്രകാരമുള്ള അവകാശിക്ക് ഒരു ലക്ഷം രൂപയും ധനസഹായം നൽകുന്നു. |

Anisha

**സെക്ഷൻ ഓഫീസർ**